പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 104      7/8/2017-ൽ മറുപടിക്ക്

ചോദ്യം
ശ്രീ. എൻ.ഷംസുദ്ദീൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഡി.വൈ.എസ്.പി. മാർക്ക് എസ്.പി. മാരായി പ്രമോഷൻ നൽകിയിട്ടുണ്ട് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 37 ഡി.വൈ.എസ്.പി.മാർക്ക് എസ്.പി. (നോൺ ഐ.പി.എസ്.) ആയി പ്രമോഷൻ നൽകിയിട്ടുണ്ട് |
| (ബി) | പ്രമോഷൻ ലഭിച്ച ഉദ്യോഗസ്ഥരിൽ കൊല്ലം ജില്ലയിലെ ഒരു മാധ്യമ പ്രവർത്തകന്റെ വധശ്രമകേസിൽ സി.ബി.ഐ. അറസ്റ്റ് ചെയ്ത് സസ്പെൻഷനിലായ വ്യക്തി ഉൾപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. 17/01/2017 ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ഹയർ) ഡി.വൈ.എസ്.പി.കേഡറിൽ നിന്നും എസ്.പി.തസ്തികയിലേക്ക് പ്രമോഷനു അർഹതയുള്ളവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി സെലക്ട് ലിസ്റ്റിൽ നിന്നുമാണ് പ്രമോഷൻ നൽകിയിട്ടുള്ളത്. |
| (സി) | പോലീസ് ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുമ്പോൾ അവരുടെ പേരിലുള്ളകേസുകളും ആരോപണങ്ങളും പരിശോധിച്ച ശേഷം മാത്രം പ്രൊമോഷൻ നൽകുവാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ ? | (സി) | നിലവിൽ സ്ഥാനക്കയറ്റത്തിന് അർഹതയുള്ള ഉദ്യോഗസ്ഥരുടെ പേരിലുള്ള കേസുകളും അച്ചടക്കനടപടികളും പരിശോധിച്ചശേഷമാണ് ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ഹയർ) യോഗ്യരായ ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. ഇത്തരത്തിൽ ആധികാരികമായി തയ്യാറാക്കപ്പെടുന്ന പട്ടികയിൽ നിന്നുമാണ് പ്രൊമോഷൻ നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ